# സ്വസ്തിപ്രസംഗം

## പി. ലാൽ

(വിവർത്തനം - എ. പുരുഷോത്തമൻ)

“പ്രൊഫസർ ലാലിനെ പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. ഇവിടെ സന്നിഹിതരായിട്ടുള്ള ഏവർക്കും അദ്ദേഹത്തെ നന്നായിട്ടറിയാമെന്ന ഞാൻ വിചാരിക്കുന്നു. സ്വസ്തി പ്രസംഗം അവതരിപ്പിക്കാൻ ഞാൻ അദ്ദേഹത്തെ ക്ഷണിക്കട്ടെ?”

നിങ്ങൾക്ക് വളരെ നന്ദി. പരിചയപ്പെടുത്തിയ സന്തോഷപ്രദവും ഹ്രസ്വവുമായ ഈ രീതി, എന്നെ, സരോജിനി നായഡുവിന്റെ പാരമ്പര്യ സമീപനത്തെ ഓർമ്മിപ്പിക്കുന്നു. ഒരിക്കൽ അവർ ആദ്ധ്യക്ഷം വഹിക്കുകയായിരുന്നു. നിസ്സാരനായ ഒരു വ്യക്തിയെ, അവർക്ക് പരിചയപ്പെടുത്തേണ്ടതായി വന്നു. അവർ പറഞ്ഞത് ആകെ - “ഞാൻ പരിചയപ്പെടുത്താൻ പോകുന്ന വ്യക്തി അത്രയേറെ കീർത്തി കേട്ടവനാണ് - അദ്ദേഹത്തെപ്പറ്റി എത്ര കുറച്ചു പറയുന്നുവോ, അത്ര നന്ന് ”. തീർച്ചയായും ഇതാണ് അനുയോജ്യമായ രീതി. എന്തുകൊണ്ടെന്നാൽ, ഒടുവിൽ നാമെല്ലാവരും, ഈ ചർച്ചയിൽ, നമ്മെക്കാളും മഹത്തരമായ ഒരു പ്രകാശപുഞ്ജത്തിന്റെ സന്നിധിയിലാണ് - ഗാഢമായ ഒരു മഹാവികിരണം. മഹാഭാരതത്തെ പ്രദക്ഷിണം ചെയ്യുന്ന ചെറിയ ഭ്രമണപഥങ്ങളാണ് നാമെല്ലാം. വികിരണങ്ങൾക്കും കറുത്ത പാടുകളുണ്ടെന്ന് എനിക്കറിയാം. എന്നാൽ, അത്ഭുതസ്തബ്ധൻ ആവുന്നതിലാണ് എന്റെ താത്പര്യം. മഹാകവി വ്യാസനാൽ അത്ഭുതസ്തബ്ധനാവുന്നത്, ആശ്ചര്യജനകമത്രേ. കീർത്തിയാർജ്ജിച്ച, വ്യത്യസ്തവും വൈരുദ്ധ്യവുമായ പ്രചോദനം നൽകുന്ന ഒരു മഹാസദസ്സിന്റെ സഹയോഗം തന്നെ, സന്തോഷജനകമാണെന്ന് ഞാൻ ആദ്യം തന്നെ പറയട്ടെ.

ജപ്ജിയിലെ ഒരു സ്തോത്രം എനിക്കോർമ്മ വരുന്നു. പഞ്ചാബിലാണ് എന്റെ വേരുകൾ. നമ്മുടെയെല്ലാം അടിവേരുകൾ പലയിടങ്ങളിലാണെങ്കിലും, നമുക്കു ചുറ്റുമുള്ള ഈ വലിയ ലോകത്തിൽ നാം സ്വയം നഷ്ടപ്പെടുന്നു.

ജപ്ജി പറയുന്നു.

*എത്രയേറെ നഗരങ്ങൾ!*

*എത്രയേറെ മാമലകൾ!*

*എത്രയേറെ വൻ നദികൾ!*

ഞാനതിന്റെ സാരമാണ് പറയുന്നത്.

*പവിത്രതയെത്തേടുന്നവർ എത്രയേറെ!*

(ധർമ്മമോ, അഹിംസയോ, എന്തുതന്നെയാവട്ടെ)

*എത്ര ഏറെ ആകൃതികൾ!*

*എത്ര ഏറെ രൂപങ്ങൾ!*

*ദിവ്യപൂർണ്ണതയെത്തേടുന്നവർ എത്ര ഏറെ!*

*എത്ര ഏറെ!*

*അവർക്ക് അന്ത്യമില്ല!*

വിനയാന്വിതവും അപൂർണ്ണവുമായ രീതികളിൽ ജ്ഞാനം അന്വേഷിക്കുന്ന, വിശാലമായ ഒരു ശ്രേണിയുടെ അനന്യസാധാരണമായ അവതരണം, ഈ ചർച്ചയിൽ ഉണ്ടായി എന്നു ഞാൻ കരുതുന്നു.

പ്രൊഫസർ ഉമാശങ്കർ ജോഷി - എനിക്കു തെറ്റി, ജോഷിജി - ജ്ഞാനവൃദ്ധരോടുള്ള ബഹുമാനം നമ്മുടെ പാരമ്പര്യത്തിന്റെ ഒരവശ്യഭാഗമാണല്ലോ - മഹാഭാരതത്തിന്റെ അടിസ്ഥാന സന്ദേശം ഒരുതരത്തിൽ ധർമ്മാന്വേഷണമാണെന്നു പ്രസ്താവിച്ചു. അതേ. " രക്ഷിതമായ ധർമ്മം, രക്ഷിക്കുന്നു. ലംഘിതമായ ധർമ്മം, നശിപ്പിക്കുന്നു." തീർച്ചയായും ഇതാണ് തന്റെ ഇതിഹാസത്തിൽ വ്യാസൻ പ്രസ്താവിക്കുന്നത്. അതിനാൽ എന്തുകൊണ്ടു നാം ധർമ്മത്തെ സേവിക്കുന്നില്ല? പ്രശംസനീയമല്ലാത്തവയടക്കം, ഒട്ടേറെ പേരുകളുള്ള, കൃഷ്ണദ്വൈപായനൻ, സ്വയം വിഷ്ണുനാരായണനോടു തന്നെ ബന്ധമുള്ള കൃഷ്ണദ്വൈപായനൻ, ഇത് പറഞ്ഞു എന്നത് അത്ഭുതം തന്നെ. എന്നാൽ, ഞാൻ, ഇവിടെ, ഈ ഇരുപതാം നൂറ്റാണ്ടിൽ, ബന്ധിതനായി, വ്യതസ്തമായ പരിതസ്ഥിതികളിൽ ബന്ധിതരായ മറ്റെല്ലാവരേയും പോലെ, ധർമ്മമെന്താണെന്നു മനസ്സിലാക്കാൻ ശ്രമിക്കുന്നു. വ്യാസൻ പരാമർശിക്കുന്ന ഈ ധർമ്മം എന്താണ്? സ്വധർമ്മം? കുലധർമ്മം? യുഗധർമ്മം? സനാതനധർമ്മം? ഏതു പ്രത്യേക നിമിഷത്തിലും ഞാൻ ഒരു പ്രത്യേക സന്ദർഭത്തിൽ അകപ്പെട്ടിരിക്കുന്നു. അതാ, നോക്കൂ, മറ്റൊരത്ഭുതം, മറ്റൊരാശ്ചര്യം. ഒരു പ്രത്യേക സമയത്ത്, ധർമ്മത്തിന്റെ ഏതു ചേർച്ചയാണു ശരി എന്നത് ഞാൻ തന്നെ എന്നിൽ നിന്നും കണ്ടെത്തണം. നമ്മുടെ ജീവിതം, ഒരു ത്വരിതാനുഭവമാണ്. നാം അതിനെ വാക്കുകളിൽ പിടിച്ചടക്കുന്നു. വാക്കുകൾക്ക് അർത്ഥങ്ങളും സൂചനകളുമുണ്ട്. വാക്കുകൾ പൊന്തിക്കിടക്കുന്നു. നിശ്ശബ്ദതയുടെ സാഗരത്തിൽ, ധർമ്മം മുതലായ വാക്കുകൾ കടലാസു തോണികളെപ്പോലെ പൊന്തിക്കിടക്കുന്നു. അതിനാൽ, നിങ്ങളനുവദിക്കുമെങ്കിൽ, ഭാഷാശാസ്ത്രപൂർണ്ണതകൾക്കും, അർത്ഥവിശകലനങ്ങൾക്കും ഊന്നൽ കൊടുക്കാതിരിക്കാൻ ഞാൻ ശ്രമിക്കാം. മനോഹരമായ ഒരു കവിതയുണ്ട്. Tao Te-Chingലെ പതിനൊന്നാമത്തെ കവിത: "ഒരു ചക്രത്തിന്റെ മദ്ധ്യം മുപ്പതു അക്ഷങ്ങളാൽ ഭാഗിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ചക്രമദ്ധ്യത്തിലെ ദ്വാരമാണ്, ചക്രത്തെ ഉപയോഗപ്രദമാക്കുന്നത്. കളിമണ്ണ് കൊണ്ടു ഒരു പാത്രമുണ്ടാക്കു. അതിന്റെ പൊള്ളയായ ഭാഗമാണ് പാത്രം ഉപയോഗപ്രദമാക്കുന്നത്. ഒരു മുറിയിൽ വാതിലുകളും ജനലുകളും നിർമ്മിക്കൂ. ആ മുറിയെ ഉപയോഗപ്രദമാക്കുന്നത്, ഈ ദ്വാരങ്ങളാണ്. അതിനാൽ ലാഭം ഉള്ളതിൽ നിന്നും ഉണ്ടാവുന്നു. മൂല്യം ഇല്ലാത്തതിൽ നിന്നും". അതുപോലെ ഒരു പക്ഷേ പറഞ്ഞതിൽ അർത്ഥം ഉണ്ടാവാം, പറയാത്തതിൽ സത്യവും. രവീന്ദ്രനാഥാണ്, അത്ഭുതകരമായ ഈ പ്രതിയോഗികതയെക്കുറിച്ചു ചിന്തിച്ചത് എന്നു ഞാൻ പറയേണ്ടതില്ല. മഹാഭാരതത്തിൽ കർണ്ണനോടും കുന്തിയോടും ബന്ധപ്പെട്ടിരിക്കുന്ന "ഞാൻ", "നിങ്ങൾ". കർണ്ണകുന്തീസംവാദം എന്ന കവിതയിൽ, കുന്തി സത്യം പറയുന്നില്ല. എന്നാൽ ഒരു പ്രകാരത്തിലുള്ള കണ്ടുപിടുത്തത്തിൽ, നിശ്ശബ്ദതയുടെ സാഗര

ത്തിൽ, ഒരു തരത്തിലുള്ള ഇഴയലിൽ, നോക്കു, നമുക്ക് എത്തിച്ചേരാം.

മഹാഭാരതത്തിൽ പറയാത്ത ഈ കാര്യം എന്താണ്? ഇത് ഒരു അന്തർദേശീയ ചർച്ചയാണ്. എട്ടാം ശതകത്തിൽ ഡമാസ്കസ്സിലെ ജോൺ പറഞ്ഞ ഒരു മദ്ധ്യകാല ഉപദേശ കഥയുണ്ട്. അതിൽ, അർദ്ധഗോളത്തിന്റെ ഈ ഭാഗത്തുനിന്നും ഉറവെടുത്ത ഒരു കൂട്ടം ഐതിഹ്യങ്ങളെ അവലംബമാക്കിയ "കിണറിലെ മനുഷ്യൻ" എന്ന കഥയുണ്ട്. ഈ കൃതി AD 1048-1049 ൽ, Barlaam and Josephat എന്ന പേരിൽ ലാറ്റിൻ ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടു. പതിമൂന്നാം ശതകത്തിന്റെ തുടക്കത്തോടെ, ഈ കഥ "Gesta Romanorum"ൽ എത്തിച്ചേർന്നു. അതിൽ "കിണറിലെ മനുഷ്യൻ" എന്ന കഥ, നൂറ്റുപത്തെട്ടാമത്തെ അദ്ധ്യായമായി "ശാശ്വതശാപപ്രകാരം" എന്ന പേരിൽ പ്രത്യക്ഷപ്പെടുന്നു. "കിണറിലെ മനുഷ്യൻ" എന്ന കഥയിലേക്ക് മടങ്ങുന്നതിനു മുമ്പ്, സാന്ദർഭികമായി ഞാൻ പറയട്ടെ, വ്യാസന്റെ മഹാഭാരതം ഒരു ചരമകാലവിവരണം - ദ്വാപരയുഗത്തിന്റെ അന്ത്യകാലവിവരണം - ആണ് എന്ന് ഓർമ്മിക്കുന്നത് നല്ലതാണ്. അങ്ങനെ Barlaam വിവരിക്കുന്നു.

യൂനികോണിനെ (നെറ്റിയിൽ നീണ്ട കൊമ്പുള്ള വെളുത്ത കുതിര) ഭയന്ന് ഒരു കൂപത്തിൽ വഴുതിവീണ ഒരാളെപ്പോലെയാണ്, പാപി - താൻ വീഴുകയാണെന്ന് അയാൾ അറിഞ്ഞില്ല. ഭൂമി നമ്മുടെ കാൽക്കീഴിൽ നിന്നു തെന്നി മാറുമ്പോൾ, നാമും അറിയുന്നില്ല. എന്നാൽ വഴുതി വീണ ശേഷം തന്റെ വലതുകരം കൊണ്ട് അയാൾ കിണർച്ചുമരിൽ വളർന്നു നിന്ന ഒരു ചെറിയ ചെടിയിൽ എത്തിപ്പിടിച്ചു. താഴേക്കു നോക്കിയപ്പോൾ, കിണറിന്റെ അടിത്തട്ടിൽ, മലർക്കെ തുറന്ന വായയുമായി, തന്റെ വീഴ്ച പ്രതീക്ഷിച്ചു നിൽക്കുന്ന ഭയങ്കരനായ ഒരു വ്യാളത്തെ അയാൾ കണ്ടു. കൂടാതെ രണ്ടു എലികൾ - വെളുത്തതും കറുത്തതും. മഹാഭാരത ചർച്ചയുടെ ഒന്നാം ദിവസം, ഈ ഉപദേശകഥ കേട്ട കാര്യം ഞാൻ ഓർക്കുന്നു. വൃക്ഷത്തിന്റെ, ഇരട്ടവൃക്ഷത്തിന്റെ കഥയോടൊപ്പം, ഈ കഥയും പ്രൊഫസർ മിശ്ര ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ. അതിലേക്ക് നമുക്ക് വീണ്ടും മടങ്ങി വരാം. രണ്ട് എലികൾ - ഒന്നു വെളുത്തതും മറ്റേത് കറുത്തതും - നിരന്തരമായി, ആ ചെടിയുടെ വേരിൽ കാർന്നുകൊണ്ടിരുന്നു. ചെടി ആടുന്നതായി അയാൾക്ക് അനുഭവപ്പെട്ടു. കൂടാതെ ചീറ്റുന്ന നാലു വിഷപ്പാമ്പുകൾ. മുകളിലേക്ക് നോക്കിയപ്പോൾ, കിണറിനു സമീപം വളരുന്ന ഒരു വൃക്ഷത്തിന്റെ ശാഖകളിൽ നിന്നും ഉറ്റിവീഴുന്ന തേൻതുള്ളികൾ അയാൾ കണ്ടു. തന്നെ ചുഴന്നു നിൽക്കുന്ന എല്ലാ ആപത്തുകളേയും തികച്ചും മറന്നുകൊണ്ട് ആ മാധുര്യത്തിലേക്ക് അയാൾ തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ചു. "നോക്കു! നോക്കു! ക്രിസ്തുവിന്റെ രക്തം എങ്ങനെ ആകാശത്തിൽ ഒഴുകുന്നു!" തത്സമയം, അവിടെ വരാനിടയായ ഒരു സുഹൃത്ത്, അയാൾക്ക് ഒരു ഏണി കൊടുത്തു. എന്നാൽ അയാൾ മടിച്ചു. ചെടിയുടെ വേരു മുറിഞ്ഞ് അയാൾ വ്യാളമുഖത്തിൽ വീണു. അങ്ങനെ അയാൾ മരിച്ചു.

കഷ്ടം, ദീനമായ ഒരു മരണം.

എന്നാൽ എന്താണിതിന്റെയെല്ലാം അർത്ഥം?

Barlaam and Josephat വിശദീകരിച്ച പോലെ, ഈ കഥയുടെ സാരം നമുക്കറിയാം.

മഹാഭാരതത്തിൽ, ഈ കഥയുടെ ഇന്ത്യൻ രൂപത്തിൽ, യൂനികോൺ ആനയാവുന്നു.

യൂനികോൺ മൃത്യുവാണ്. കിണർ ജീവിതവും. വെളുത്തതും കറുത്തതുമായ എലികൾ, പകലും രാത്രിയും. ചെടി, മനുഷ്യദേഹം. നാലു വിഷപ്പാമ്പുകൾ, മനുഷ്യദേഹത്തിലെ നാലു ദ്രാവകങ്ങൾ. വ്യാളം പിശാച്. കിണറിന്റെ അടിത്തട്ട് നരകം. ഏണി സമ്മാനിച്ച സുഹൃത്ത് ക്രിസ്തു. തേനിന്റെ മാധുര്യം, മനുഷ്യനെ പ്രേരിപ്പിക്കുന്ന പാപകർമ്മത്തിന്റെ സുഖവും. തേനിന്റെ മാധുര്യമാണ് പാപത്തിന്റെ സുഖം! ഇതു മഹാഭാരതവ്യാഖ്യാനമല്ല. പിന്നെ സുഹൃത്ത് - എത്ര സന്തോഷജനകം, എത്ര അത്ഭുതകരം, എത്ര നന്ന്, എത്ര സൗകര്യപ്രദം, എത്ര ഭാഗ്യം - ഒരു മഹാദൈവം, തക്ക സമയത്ത്, രക്ഷിക്കുന്ന ഏണി സമ്മാനിക്കാൻ, ഒരു മഹാദൈവം ആ വഴി കടന്നു പോകുന്നത് എത്ര ഭാഗ്യകരം! സുഹൃത്ത് ക്രിസ്തുവും കോണി പശ്ചാത്താപവും. പശ്ചാത്താപത്തിന് തയാറല്ലെങ്കിൽ, പിശാചിന്റെ വായിൽ വീഴുക തന്നെ ഗതി.

ഈ കഥ സ്ത്രീപർവ്വത്തിലാണ്. സ്ത്രീപർവ്വം: സ്ത്രീകളുടെ അധ്യായം. എപ്പോഴും യുദ്ധം ചെയ്യുന്നത് പുരുഷന്മാരും വിലപിക്കുന്നത് സ്ത്രീകളും. സഹോദരിമാർ, അമ്മമാർ, പ്രിയപ്പെട്ടവർ, ഭാര്യമാർ. അവർ കുരുക്ഷേത്രത്തിന്റെ വിശാലപ്പരപ്പിലേക്കു പോകുന്നു. അവർ ശരീരത്തിനുപരി ശരീരം, അവയവത്തിനുപരി അവയവം, ശിരസ്സിനുപരി ശിരസ്സ് എടുത്തുവെക്കുന്നു- "വേതാളപഞ്ചവിംശതി"യിലെ മാറ്റിവെക്കപ്പെട്ട തലകളെ ഓർമ്മിപ്പിക്കുന്ന, അത്രയും ബീഭത്സമായ കാഴ്ച - അതിനേക്കാൾ എത്രയോ ഭയാനകവും ഭീമവുമായ നിലയിൽ - അവർ അവരുടെ പ്രിയപ്പെട്ടവരെ കണ്ടുപിടിക്കാൻ, തിരിച്ചറിയാൻ ശ്രമിക്കുന്നു. എന്നാൽ ഇതെവിടെയാണ് നടക്കുന്നത്? മഹാഭാരതത്തിലോ അതോ ജീവിതത്തിലോ?

ഞാൻ ആവർത്തിക്കുന്നു, ഇതൊരു അന്തർദേശീയ ചർച്ചയാണ്. പടിഞ്ഞാറായാലും കിഴക്കായാലും, നാം അന്വേഷിക്കുന്നു. എന്താണ് നാം അന്വേഷിക്കുന്നത്? ഞാൻ ഉപയോഗിക്കേണ്ട ആ വിശേഷപ്പെട്ട വാക്ക് ഏതാണ്? സത്യം, സാന്ത്വനം, പ്രചോദനം, സമാധാനം? ഒരോ കാലവും, ഓരോ യുഗവും ഒരു വിശേഷ വാക്ക് കണ്ടെത്തുന്നു. ധൃതരാഷ്ട്രർ തന്റെ അർദ്ധസഹോദരനായ വിദുരരോടു സംസാരിക്കുന്ന ശബ്ദം നാം കേൾക്കുന്നു: "ധർമ്മത്തിന്റെ ഇരുളടഞ്ഞ കാനനത്തിൽ എനിക്കൊരു തെളിഞ്ഞ വഴി കാണിച്ചു തരൂ." അതാണ് ഉപയോഗിച്ച വാചകം: "ധർമ്മത്തിന്റെ ഇരുളടഞ്ഞ കാനനം." അന്നേരം വിദുരർ മറുപടി പറയുന്നു; ഈ ഉപദേശകഥ വിവരിക്കുന്നു. (XI-5-7)

നമുക്ക് ഈ കഥ നന്നായിട്ടറിയാം. ഇത് ഒരു ബ്രാഹ്മണന്റെ കഥയാണ്. ഇന്ത്യയിൽ എക്കാലത്തും ബ്രാഹ്മണർക്ക് സമ്മിശ്രമായ പ്രശംസ ലഭിക്കുന്നു. അവരെ ഇത്തരത്തിലുള്ള പ്രത്യേക കൃത്യങ്ങൾക്ക് തെരഞ്ഞെടുക്കുന്നു.

ഒരു ബ്രാഹ്മണൻ വനത്തിലൂടെ സഞ്ചരിക്കുന്നു. അയാൾ ഒരു പൊട്ടക്കിണറ്റിൽ തെന്നി വീഴുന്നു. പൊട്ടക്കിണറ്റിന്റെ വശങ്ങളിലുള്ള ഒരു വേരിൽ അയാൾ പിടിച്ചു തൂങ്ങി നിൽക്കുന്നു. തൽസമയം, രക്ഷപ്പെടാനുള്ള തന്റെ എല്ലാ ശ്രമങ്ങളും അഭ്യാസങ്ങളും ആ വേരിനെ ദുർബലമാക്കുന്നതേയുള്ളൂ എന്നയാൾ മനസ്സിലാക്കുന്നു. അതുകൊണ്ടയാൾ മുകളിലേക്കു നോക്കുന്നു - മറ്റൊന്നും ചെയ്യാനില്ല - അയാൾ ഉറ്റിവീഴുന്ന തേൻതുള്ളികൾ കാണുന്നു. രുചികരവും, മധുരവുമായ തേൻ, തേൻധാര - എല്ലാ ജീവജാലങ്ങളും ഇഷ്ടപ്പെടുന്ന തേൻ. നാമെല്ലാം അന്വേഷിക്കുന്ന തേൻ. മഹാഭാരതത്തിലെ തന്നെ വാക്കുകളാണിവ - കുട്ടികൾ

മാത്രം യഥാർത്ഥ രുചി അറിയുന്ന ആ തേൻ. എന്നെ സമീപിക്കുന്ന കുട്ടികൾ ഭാഗ്യവാന്മാർ, എന്തെന്നാൽ തേൻരാജ്യം അവരുടേതത്രേ. തേൻതുള്ളികൾ അയാളുടെമേൽ വീഴുന്നു; തേൻതുള്ളികൾ അയാളുടെ വായിൽത്തന്നെ വീഴുന്നു. അയാൾക്ക് യാതൊന്നും ചെയ്യാനാവില്ല. എത്തിപ്പിടിച്ച് തേൻ നുണയുക മാത്രം. രുചിയോടെ തേൻതുള്ളികൾ ആസ്വദിച്ച് അയാൾ പറയുന്നു: ഞാൻ ജീവിക്കുന്നു; ഞാൻ ജീവിതം ആസ്വദിക്കുന്നു. ഇതു പറയുമ്പോൾ തന്നെ, വേര് ദ്രവിച്ച് അയാൾ കിണറിനടിയിലേക്ക് വീഴുന്നു. ഇതാണോ ഉണ്മ? ഇതോ ജീവിതം? ഇതാണോ സത്വം? ഇതോ ശൂന്യത? നമ്മെയെല്ലാം ബന്ധിക്കുന്ന ഈ അവസ്ഥ എന്താണ്? ഭയങ്കരമായ ഈ കിണർ ഏതാണ്? നാമെല്ലാം അകപ്പെട്ട ഈ ചതിക്കുഴിയാണോ അസ്തിത്വം എന്നു വിളിക്കപ്പെടുന്നത്? രക്തരൂഷിതമായ ആ മഹായുദ്ധത്തിനു ശേഷം മാത്രമേ, ധൃതരാഷ്ട്രർക്ക് ഇതിന്റെ സത്യം മനസ്സിലാവുന്നുള്ളൂ. അതിനാൽ അദ്ദേഹത്തിന് സാന്ത്വനം ആവശ്യമാണ്. മഹാഭാരതത്തിൽ ഈ കഥ, സാന്ത്വനോപാധിയായിട്ടാണ് നിർദ്ദേശിച്ചിരിക്കുന്നത്. അത് വിജയിക്കുന്നുണ്ടോ? നാമെല്ലാം മറ്റുള്ളവരെ സഹായിക്കാൻ പലതും ചെയ്യുന്നു, എത്രയോ സേവനം, സർവവ്യാപിയായ ദയാലുത്വം, എത്രയോ തേൻതുള്ളികൾ! നന്ന്, നാം കിണറിന്നടിയിലേക്ക് തെന്നി വീഴുക മാത്രം ചെയ്യുന്നു. വ്യാസവചനം, കൃഷ്ണദ്വൈപായനവ്യാസവചനമെത്രയോ ലളിതം:

"വിദുരന്റെ വാക്കുകൾ, ധൃതരാഷ്ട്രരെ ഉത്തേജിപ്പിക്കുന്നതിൽ പരാജയപ്പെട്ടു."

ദുഃഖം വലിച്ചെറിയാനാശിച്ച ഒരാളിതാ ഇവിടെ. ശോകം ത്യജിക്കുമ്പോൾ എന്റെ ഹൃദയത്തിലേക്ക് ഒരു മഹാമാധുര്യമൊഴുകുന്നു; എനിക്കാടണം, പാടണം, ഞാൻ ഭാഗ്യവാൻ, ഞാൻ അനുഗ്രഹീതൻ, ഞാൻ നോക്കുന്നതെല്ലാം അനുഗ്രഹീതം.

എന്നാലോ, അതു നടന്നില്ല.

എന്നാൽ, എന്തു നടക്കും?

നാം മഹാഭാരതത്തിലേക്ക് കൂടുതൽ പ്രവേശിക്കുന്നു. അതിന്റെ അവസാനത്തിലാണ് നാമിപ്പോൾ. അത് സ്ത്രീപർവമായിരുന്നു. നമുക്ക് അല്പദൂരം കൂടി സഞ്ചരിക്കാം.

മഹാഭാരതത്തിൽനിന്ന് മൂന്നു ദൃഷ്ടാന്തകഥകൾ ഞാൻ തെരഞ്ഞെടുക്കുന്നു. ഇതിഹാസത്തിന് അകത്തും പുറത്തും പൊന്തിക്കിടക്കുന്ന കഥകൾ, ആശയസ്രോതസ്സുകളായ കഥകൾ, ആശയുടേയും സാന്ത്വനത്തിന്റേയും സാധ്യതകൾ നിർദ്ദേശിക്കുന്ന കഥകൾ. നമ്മുടെ ജീവിതത്തിൽ ഇവ അമൂല്യങ്ങളാണോ എന്നു നോക്കാം. മഹാഭാരതത്തിലെ ഏറ്റവും അവസാനത്തെ പർവത്തിലേക്കു നാം അല്പം കടന്നു ചെല്ലുന്നു. സ്വർഗ്ഗാരോഹണത്തിലല്ല, സ്വർഗ്ഗത്തിൽ തന്നെ നാം എത്തുന്നു. സാക്ഷാൽ സ്വർഗ്ഗം, യാഥാർത്ഥ്യത്തിന്റെ തനിനിറമായ സ്വർഗ്ഗം. സ്വർഗ്ഗത്തിൽ കടന്നു ചെല്ലുമ്പോൾ യുധിഷ്ഠിരൻ കാണുന്ന ആദ്യത്തെ കാഴ്ച - മനോഹരമായ ഒരു ഇരിപ്പിടത്തിൽ, വീരസൂര്യനെപ്പോലെ പ്രഭ ചിതറി, കീർത്തിമാനായി വിളങ്ങുന്ന ദുര്യോധനൻ (XVIII.1). ആരാണ് യുധിഷ്ഠിരനെ അങ്ങോട്ടാനയിക്കുന്നതെന്നു നോക്കൂ. അദ്ദേഹത്തിന് അവിടെ ഒറ്റയ്ക്കു പോകാനാവില്ല. ദാന്തെയെ, വെർജിൽ വഴി കാണിച്ച പോലെ, അദ്ദേഹത്തിനും വഴികാട്ടിയുണ്ട്. കാലാതീതമായ ആ അപൂർവലോകത്തിലേക്ക്, യുധിഷ്ഠിരനെ വഴി കാണിക്കുന്ന മാർഗ്ഗദർശിയുടെ നാമധേയം

ഞാൻ പരാമർശിക്കുകയാണെങ്കിൽ, ഇവിടത്തെ ശ്രോതാക്കളിൽ ഭൂരിപക്ഷവും അറിവിന്റെ പുഞ്ചിരി പൊഴിക്കും. ഏകതാര വീണ മീട്ടുന്ന, നീണ്ട മുടിയുള്ള, തികച്ചും ശരിയായ ചോദ്യങ്ങളായ തെറ്റായ ചോദ്യങ്ങൾ എല്ലായ്പ്പോഴും ഉന്നയിക്കുന്ന, ഏതു യുഗത്തിലും ഭയങ്കരനായ, പ്രത്യേകിച്ച്, ആധി നിറഞ്ഞ നമ്മുടെ ഈ നൂറ്റാണ്ടിൽ ഭയങ്കരനായ, ഋഷി നാരദൻ. യുധിഷ്ഠിരനെ അവിടെ കൊണ്ടു പോകുന്നത് നാരദനാണ്. തികച്ചും പ്രാഥമികമായ, മായയുടെ അവശ്യമായ അനുഭവത്തിലേക്ക് യുധിഷ്ഠിരനെ നയിക്കുന്നത്, നാരദൻ മാത്രം.

തേൻതുള്ളികളിൽ നിന്ന്, മറ്റൊരു പ്രതിബിംബത്തിലേക്കാണ് - മരുഭൂമിയുടെ പ്രതിബിംബം - നാമിപ്പോൾ കടന്നുപോകുന്നത്. ഇത് കുരുക്ഷേത്രത്തിന്റെ തരിശുഭൂമിയാണ്, എനിക്കങ്ങനെ വിളിക്കാമെങ്കിൽ. ഇത് ജീവിതത്തിന്റെ തന്നെ തരിശുഭൂമിയാണ്, അധോലോകയഥാർത്ഥ്യത്തിന്റെ തരിശുഭൂമി - എനിക്കങ്ങനെ വിളിക്കാമെങ്കിൽ. ഫലഭൂയിഷ്ഠമാക്കി മാറ്റാവുന്ന തരിശുഭൂമിയാണിത്, എന്നാൽ നാമെല്ലാം വസിക്കുന്ന തരിശുഭൂമി. കിണർ, കുഴി, ഗർത്തം. ജീവിതത്തിന്റെ അർത്ഥം കാണിച്ചു തരാൻ, നാരദനെ നായകനാക്കി ഉപയോഗിക്കുന്ന ഒരു നാടൻ ഐതിഹ്യമുണ്ട് എന്നാണെന്റെ വിചാരം. പക്ഷേ, എനിക്കു തെറ്റു പറ്റാം. പിന്നീട് യാതൊരു ചോദ്യങ്ങളും ഉണ്ടാവില്ല എന്നതാണ്, ഒരു സ്വസ്തി പ്രസംഗത്തിന്റെ നല്ല കാര്യം. ഹൃദയസ്പർശിയായ ഒരു ഐതിഹ്യമാണിത്. ഈ ഐതിഹ്യം ആന്ദ്രേ മാൾറോവിൽ വളരെയേറെ മതിപ്പുളവാക്കി. "വിപരീത സ്മരണകൾ" എന്ന തന്റെ പുസ്തകത്തിൽ, അദ്ദേഹം ഉടൻ തന്നെ, ഈ ഐതിഹ്യം, - ഒരു ഔദ്യോഗിക പര്യടനത്തിനിടയിൽ താൻ കാശിയിൽ വെച്ചു കേട്ടത് എന്നു പറഞ്ഞുകൊണ്ട്, - രേഖപ്പെടുത്തി. ഒരു ഇന്ത്യക്കാരൻ അദ്ദേഹത്തെ സമീപിച്ചു പറഞ്ഞുവെന്നു തോന്നുന്നു. "മാൾറോ സാബ്, അങ്ങേയ്ക്ക് ഒരു കഥ കേൾക്കാൻ താല്പര്യമുണ്ടോ?" "പക്ഷേ എനിക്ക് ഔദ്യോഗിക ജോലി ചെയ്യാനുണ്ട്" അദ്ദേഹം മറുപടി പറഞ്ഞു. "എന്നാൽ ഇതൊരു നല്ല കഥയാണ്" "എന്നാൽ ... ശരി, പറയൂ." അങ്ങനെ ആ കഥ പറയപ്പെട്ടു. എപ്പോൾ എങ്ങനെ പെരുമാറണം, എന്തു പറയണം എന്നറിവുള്ള, സംസ്കാരത്തിന്റെ സമ്പൂർണ്ണാധികാരം നൽകപ്പെട്ട ഈ സ്ഥാനപതി, അനതിസാധാരണമായ ഫ്രഞ്ച്പൈതൃകത്തിന്റെ പരിഷ്കൃതിയുള്ള ഇദ്ദേഹം, ഇക്കഥ കേട്ട് ആവേശിതനായി. തന്റെ ആത്മകഥയിൽ ഇക്കഥ അദ്ദേഹം രേഖപ്പെടുത്തി. എന്നിട്ടതിനെ, യാഥാർത്ഥ്യത്തിന്റെ മായികത വർണ്ണിക്കുന്നതായി, അദ്ദേഹം പറയുന്ന ഒരു ക്രൈസ്തവകഥയുമായി സമാന്തരപ്പെടുത്തി. പ്രപഞ്ചം യഥാർത്ഥമാണെന്ന തോന്നലുളവാക്കുന്ന പ്രപഞ്ചമായികതയെക്കുറിക്കുന്ന ഹിന്ദുതത്വ-മായ-ത്തോട് അദ്ദേഹം ഇതിനെ ബന്ധപ്പെടുത്തുന്നു. വെബ്സ്റ്ററുടെ നിർവ്വചനം എതാണ്ടിപ്രകാരമാണ്. എന്നാൽ, അത് വാസ്തവത്തിൽ യഥാർത്ഥമാണോ അല്ലയോ എന്നതിന് ഉത്തരം പറയാൻ വെബ്സ്റ്റർക്ക് താല്പര്യമില്ല. എന്നാൽ, ആന്ദ്രേ മാൾറോ, ഈ ഐതിഹ്യം ക്രിസ്തുമതത്തിൽ - അതിൽ ഇത് മറ്റൊരു രൂപം പ്രാപിച്ചിരിക്കുന്നു - ഉള്ളതാണ് എന്ന് ഹ്രസ്വമായി സൂചിപ്പിച്ചിരിക്കുന്നു. ഇന്ത്യൻ ഐതിഹ്യം വിവരിക്കുന്നതിന് മുമ്പ്, പാശ്ചാത്യരൂപം ഞാൻ നിങ്ങൾക്ക് നൽകാം.

മദ്ധ്യകാലയുഗത്തിൽ, ഒരു വനത്തിൽ സ്ഥാപിച്ചിട്ടുള്ള ഒരു സന്യാസാശ്രമം. അവിടെ സ്വർഗ്ഗവാസികളുടെ കടമകൾ എന്താണ് എന്നു ഒരു സന്യാസി ചോദിക്കുന്നു. ഉത്തരം,

“ഒന്നുമില്ല. അവർ സ്വർഗ്ഗസ്ഥനായ ദൈവം തമ്പുരാനെ ധ്യാനിക്കുന്നു.” സന്യാസി പറയുന്നു, “അനശ്വരതയ്ക്ക് ഏറെ ദൈർഘ്യം ഉണ്ടാകണം.” സന്യാസിവര്യൻ ഇതിന് മറുപടിയൊന്നും പറയുന്നില്ല. സന്യാസി, വനത്തിലുള്ള ഒരു തുറന്ന മൈതാനത്തിലേക്കു പോകുന്നു. തലയ്ക്കു മുകളിൽ മനോഹരിയായ ഒരു പക്ഷി പറന്നു വന്ന് ഒരു വൃക്ഷക്കൊമ്പിൽ ചേക്കേറുന്നു. സന്യാസി ധ്യാനിക്കുന്നു. നേരത്തെ ശ്രീ ഉമാശങ്കർ ജോഷി സൂചിപ്പിച്ച സാധനാസങ്കൽപ്പമാണിത് - അസാധാരണമായ കാവ്യതീവ്രതയുടെ ഔന്നത്യത്തിലേക്ക് പട്ടുത്തുയർത്തിയ സാധന. ഇതത്രേ പാശ്ചാത്യ സാധന. സന്യാസി ധ്യാനിക്കുന്നു, ഒരു മനോഹരിയായ പക്ഷി വൃക്ഷക്കൊമ്പിൽ ചേക്കേറുന്നു. താമസിയാതെ, അത്, അധികമൊന്നും ദൂരെയല്ലാതെ മറ്റൊരു വൃക്ഷത്തിലേക്കു പറക്കുന്നു, അതിന്റെ സാവകാശത്തിൽ. എന്തെന്നാൽ, അതെത്രയും സാവധാനത്തിലേ പറക്കുന്നുള്ളൂ. സന്യാസി അതിനെ പിന്തുടരുന്നു, പക്ഷിയോ വീണ്ടും പറന്നകലുന്നു. സന്യാസിയോ, പക്ഷിയെ അത്യന്തം മനോഹരിയായിക്കണ്ട്, അത്യന്തം രഹസ്യാത്മികയായിക്കണ്ട്, അതിനെ പിന്തുടരുന്നു. ഈ പിന്തുടരൽ, സന്ധ്യ വരെ നീളുന്നു. പക്ഷി അപ്രത്യക്ഷയാവുന്നു. എന്തു സംഭവിക്കാൻ പോകുന്നുവെന്ന് ഊഹിക്കാൻ കഴിയുമോ? രാത്രിയെത്തും മുമ്പ്, ആശ്രമത്തിൽ തിരിച്ചെത്താൻ ശ്രമിക്കുമ്പോൾ, നമുക്കെല്ലാം എന്തു സംഭവിക്കുന്നു എന്നു ഊഹിക്കാൻ ശ്രമിക്കുക. *യത്രസായംഗൃഹോ മുനി* (cf. 1.41.1.01)- അന്തി ചെന്നേടം ഗൃഹമായ് മുനി - ഇതാണ് നാമെല്ലാവരും. സന്യാസിക്കോ, യാതൊന്നും തിരിച്ചറിയാൻ കഴിയുന്നില്ല. കെട്ടിടങ്ങളെല്ലാം ഏറെ വലുത്. സന്യാസിവൃദ്ധരെല്ലാം നിര്യാതരായി. സന്യാസിവര്യനോ വയോവൃദ്ധൻ. സന്യാസി കരുതുന്നു. “വെറുമൊരു പക്ഷി നിമിത്തം, 20 വർഷങ്ങൾ നിങ്ങൾക്ക് മണിക്കൂറുകളായി മാത്രം തോന്നുന്നുവെങ്കിൽ, സ്വർഗ്ഗവാസികളുടെ അനശ്വരതയുടെ ദൈർഗ്ഘ്യമെന്താവാം”

നാരദനിലേക്കു മടങ്ങാം.

നാരദൻ തന്റെ ഏകതാരവീണയുമായി, സ്വർഗ്ഗസിംഹാസനസ്ഥനായ വിഷ്ണുവിനെ സമീപിക്കുന്നു. കഥ ഇപ്രകാരമാണ്. നാരദൻ വിഷ്ണുവിനോട് ചോദിക്കുന്നു. “വിഷ്ണു, എന്താണ് മായ?” സ്വാഭാവികമായും ഇതിന് ഉത്തരം നൽകാൻ സാധ്യമല്ല. അതിനാൽ വിഷ്ണു നിശ്ശബ്ദനായിരിക്കുന്നു. നാരദൻ വീണ്ടും ചോദിക്കുന്നു. “മായ വിശദീകരിക്കാൻ സാധ്യമല്ല എന്നാണോ അങ്ങയുടെ വിവക്ഷ? മായ യാഥാർത്ഥ്യമായും, യാഥാർത്ഥ്യം മായയായും അനുഭവപ്പെടുന്ന, നാമെല്ലാം ആഗതരായ, ഈ പ്രപഞ്ചമാണോ മായ? ”വിഷ്ണു പറയുന്നു, “മായ അനുഭവിക്കാം, വിശദീകരിക്കാൻ അസാധ്യം ”. “ എന്നാൽ ശരി” , നാരദൻ പറയുന്നു. “അങ്ങയാൽ സൃഷ്ടിക്കുന്നത് വിശദീകരിക്കാൻ അങ്ങയ്ക്ക് കഴിയില്ലെങ്കിൽ അങ്ങയിൽ വിശ്വസിക്കാൻ ഞാൻ ഒരുക്കമല്ല.” ഉടൻ വിഷ്ണു സിംഹാസനത്തിൽ നിന്ന് ഇറങ്ങുന്നു. മനുഷ്യൻ വിശ്വസിക്കാൻ തയ്യാറല്ലെങ്കിൽ ദൈവങ്ങൾക്ക് എന്തു സംഭവിക്കുന്നു എന്നു വിഷ്ണുവിനറിയാം - ദൈവങ്ങൾ അപ്രത്യക്ഷരാവുന്നു. “ ദൈവമൃത്യു” എന്ന ദൈവശാസ്ത്രമാണിത്. നമ്മെ സൃഷ്ടിക്കുന്ന ദൈവത്തെ ആരാധിക്കാൻ നമുക്ക് കഴിയില്ല. നാം സൃഷ്ടിക്കുന്ന ദൈവങ്ങളെ നാം ആരാധിക്കുന്നു. അതിനാൽ വിഷ്ണു വേഗം സിംഹാസനത്തിൽ നിന്നും ഇറങ്ങുന്നു. നാരദനോടു പറയുന്നു. “ നിൽക്കു, നാരദ! മായയെന്താണെന്നു ഞാൻ പറഞ്ഞു തരാം. എന്റെ കൂടെ വരൂ”

അവർ ഒരുമിച്ച് നടക്കുന്നു. ഒരു മരുഭൂമിയുടെ വക്കിലെത്തും വരെ യാതൊന്നും സംഭവിക്കുന്നില്ല. അവിടെ ഒരു വൃക്ഷച്ചുവട്ടിൽ വിഷ്ണു തളർന്നിരിക്കുന്നു. തന്റെ വസ്ത്രമടക്കുകൾക്കിടയിൽ നിന്ന് ഒരു പാത്രം പുറത്തെടുത്ത് നാരദനു കൊടുത്ത് വിഷ്ണു പറയുന്നു. "നാരദാ, ദൂരെ നിങ്ങൾക്കൊരു മരുപ്പച്ച കാണാം. അവിടെ ഒരു കുടിലുണ്ട്. എന്റെ തൊണ്ട വരളുന്നു. എനിക്കല്പം വെള്ളം കൊണ്ടുവരാമോ? അതിനു ശേഷം ഞാൻ നിങ്ങൾക്ക് മായ എന്താണെന്നു വിശദീകരിച്ചു തരാം." "ഇവിടെ നിൽക്കൂ. ഞാൻ വെള്ളം കൊണ്ടുവരാം". ഇത്രയും പറഞ്ഞ് നാരദൻ മുന്നോട്ടു പോവുന്നു. പിന്നീട് എന്തു സംഭവിക്കുന്നു എന്ന് നമുക്കറിയാം. നാരദൻ പോയി, മരുപ്പച്ചയിലെ കുടിൽ കാണുന്നു. അദ്ദേഹം ഉറക്കെ വിളിച്ചു ചോദിക്കുന്നു. " ആരെങ്കിലും ഉണ്ടോ?" വാതിൽ തുറക്കുന്നു. വിഷ്ണുവിന്റേതു പോലെ ശ്രദ്ധ പിടിച്ചു പറ്റുന്ന കണ്ണുകളുള്ള സുന്ദരിയായ ഒരു പെൺകുട്ടി വാതിൽ തുറക്കുന്നു. നാരദൻ മോഹിതനായി, വശീകൃതനായി. അയാൾ വെള്ളപ്പാത്രം മറന്നു പോവുന്നു. അവൾ നാരദനെ ഭക്ഷണം നൽകി സൽക്കരിക്കുന്നു. അവളുടെ അച്ഛനമ്മമാർ വരുന്നു. അച്ഛനമ്മമാർ വരുമ്പോൾ സംഭവിക്കുന്നതെന്തെന്ന് നമുക്കറിയാം. അവർ അയാളോട് വിശ്രമിക്കാൻ പറയുന്നു. അയാൾ ഒരാഴ്ച വിശ്രമിക്കുന്നു. പിന്നെ രണ്ടാഴ്ച. ഇദ്ദേഹത്തിനായി, അവർ ഇത്രയും കാലം കാത്തുനിന്നു. ഒരു ദിവസം അയാൾ, അവളെ വിവാഹം കഴിച്ചു തരാൻ പറയുന്നു. ഇതിനായിരുന്നു, വാസ്തവത്തിൽ അച്ഛനമ്മമാർ കാത്തിരുന്നത്. അങ്ങനെ അയാൾ അവളെ വിവാഹം കഴിക്കുന്നു.

ഒരു കൊല്ലം കടന്നുപോയി. വിവാഹശേഷം ഒരു കൊല്ലം കടന്നു പോയാൽ എന്തു സംഭവിക്കുമെന്ന് നമുക്കറിയാം. അവർക്കൊരു പുത്രൻ ജനിച്ചു. അഞ്ചു കൊല്ലങ്ങൾ കടന്നു പോയി. അവർക്കൊരു പുത്രി ജനിച്ചു. പത്തു കൊല്ലങ്ങൾ കടന്നു പോയി. പന്ത്രണ്ടു കൊല്ലങ്ങൾ, പന്ത്രണ്ടു കൊല്ലങ്ങൾ കടന്നു പോയി. അയാളുടെ ഭാര്യാപിതാക്കൾ മരണമടഞ്ഞു. അവരുടെ കാലശേഷം സ്വത്തുക്കൾ അവശേഷിക്കുന്നു. സ്വത്തുക്കൾ അവശേഷിക്കാനുള്ളവയാണ്. അയാൾ, അവരുടെ ഭൂമിയ്ക്ക് അവകാശിയാകുന്നു. പന്ത്രണ്ടു കൊല്ലങ്ങൾ കടന്നു പോയി. വെള്ളപ്പൊക്കം, പ്രളയം വരുന്നു. പ്രളയജലത്തിൽ അയാളുടെ ഭാര്യ മുങ്ങിപ്പോവുന്നു. പ്രളയജലം അയാളുടെ ഭാര്യയെ, മക്കളെ, ഗൃഹത്തെ, കൃഷിയിടത്തെ കൊണ്ടുപോവുന്നു. അവയെ രക്ഷിക്കാൻ അയാൾ ശ്രമിക്കുന്നു. തള്ളിക്കേറുന്ന പ്രളയജലത്തിൽ മുങ്ങുന്ന അയാളുടെ ബോധം നശിക്കുന്നു.

അയാൾ ഉണരുന്നു. കണ്ണുകൾ തുറന്നപ്പോൾ, താൻ, വരണ്ട നിലത്ത്, വിഷ്ണുവിന്റെ മടിയിൽ തല വെച്ച് വിശ്രമിക്കുകയാണ്, എന്നദ്ദേഹം മനസ്സിലാക്കുന്നു. മരുഭൂമിയുടെ വക്കിലുള്ള വൃക്ഷച്ചുവട്ടിൽ വിഷ്ണു കാത്തിരിക്കുന്നു. നാരദനെ നോക്കി വിഷ്ണു ചോദിക്കുന്നു. "ഞാൻ നിങ്ങളോട് കൊണ്ടുവരാൻ പറഞ്ഞ ഒരു പാത്രം വെള്ളം എവിടെ? "നാരദൻ പറയുന്നു, " വിഷ്ണു, ഇപ്പോൾ എന്നോട് ഒന്നും പറയരുത്. എനിക്കു മനസ്സിലാവുന്നു. എനിക്കറിയാം. എന്നാൽ ഞാൻ അനുഭവിച്ചതൊന്നും തന്നെ സംഭവിച്ചില്ല എന്ന് എന്നോട് പറയരുത്".

ഈ നാടൻ ദൃഷ്ടാന്തകഥയിൽ ഒരശരീരി: "ഇതെല്ലാം വാസ്തവമാണോ?" വിഷ്ണു പറയുന്നു, "മായ എന്താണെന്നറിയാൻ നിങ്ങൾ ആഗ്രഹിച്ചു. ഇപ്പോൾ നിങ്ങൾക്കറിയാമോ?"

അന്നേരം നാരദൻ സ്വർഗ്ഗത്തിന്റെ യഥാർത്ഥസ്വഭാവവും കുരുക്ഷേത്രത്തിന്റെ തനതു സ്വഭാവവും മനസ്സിലാക്കുന്നു. വിഷ്ണുവിനു വേണ്ടി, ഒരു പാത്രം വെള്ളം കൊണ്ടു വരാൻ നമ്മെ പറഞ്ഞുവിട്ട ഈ ലോകമാകുന്ന മരുഭൂമിയത്രേ മായ. വെള്ളം കൊണ്ടു വരുന്നതിനു പകരം, വിഷ്ണുവിന്റെ കണ്ണുകളുള്ള, സുന്ദരികളായ പെൺകുട്ടികളുടെ കണ്ണുകളിലേക്ക് നാം നോക്കുന്നു. നമുക്ക് വഴി തെറ്റി. അല്ലെങ്കിൽ നാം, രക്തം പുരണ്ട കുരുക്ഷേത്രസ്വത്തു തർക്കങ്ങളുടെ അനന്തമായ മരുഭൂമികൾ സൃഷ്ടിക്കുന്നു.

ഒരു കഥ കൂടി - വീണ്ടും മഹാഭാരതത്തിൽ നിന്നു തന്നെ. കാര്യം ഇതാണ്: മഹാഭാരത ം സർവ്വനാശപ്രതീകമായി സൂചിപ്പിക്കുന്നതു പോലെ, ഒരു പൊട്ടക്കിണറ്റിൽ തൂങ്ങി നിന്ന്, നാം ആരായാലും, എന്തു തന്നെ ചെയ്താലും, എന്തു തന്നെ യാഥാർത്ഥ്യം അനുഭവിച്ചാലും, അനുഭവിക്കുന്ന യാഥാർത്ഥ്യങ്ങൾ ഒന്നും തന്നെ നമ്മെ തൃപ്തിപ്പെടുത്തുന്നില്ലെങ്കിൽ, നമുക്ക വ മായയായി തോന്നുന്നുവെങ്കിൽ, എന്താണ് സദാചാരം? എന്താണ് ധർമ്മവിചാരം? ജീവിതം എങ്ങനെ നയിക്കണം? ധർമ്മശാസ്ത്രനിയമങ്ങളെന്താണ്?

നാം ഭഗവദ്ഗീതയിലേക്കു മടങ്ങുന്നു. ഇതത്രേ യഗ്ദ്രസീൽ, ജീവിതവൃക്ഷം. പതിന ഞ്ചാമദ്ധ്യായത്തിൽ കൃഷ്ണൻ പറയുന്നു: "അർജ്ജുനാ, എഴുന്നേൽക്കൂ. അസംഗശസ്ത്രത്താൽ, ഈ സംസാരവൃക്ഷത്തെ വെട്ടി മുറിക്കു." ഏതു വൃക്ഷം? നാം വെട്ടി മുറിക്കേണ്ട ഈ വൃക്ഷം ഏതാണ്? ഇതത്രേ ജീവിതവൃക്ഷം. കൃഷ്ണൻ പറയുന്ന പ്രകാരം, ആകാശത്തിൽ പരന്ന വേരുകളും, ഭൂമിയിൽ പടരുന്ന ഫലങ്ങളുമുള്ള ഈ സംസാരവൃക്ഷം എനിക്കെങ്ങനെ വെട്ടി മുറിക്കാൻ കഴിയും?

ഞാൻ പഞ്ചാബിൽ നിന്നു വരുന്നു. എന്നാൽ ഞാൻ ബംഗാളിൽ താമസിക്കുന്നു. ഗീതയിൽ നിന്നും ഈ ആശയം സ്വീകരിച്ച്, അതിനെ ആസ്പദമാക്കി, ഹൃദയഹാരിയായ ഒരു ഗീതം എഴുതിയ ഒരു ബംഗാളി നാടോടിക്കവിയുണ്ട് - രാമപ്രസാദ് സെൻ.

ഒരേ മൻ ചൽ രേ ചൽ

നിയേ ആഷി ചാർതി ഫൽ.

*നടന്നാലും നടന്നാലും മനമേ*

*നാലു ഫലങ്ങൾ ഭുജിച്ചാലും.*

ഗീതാ വൃക്ഷത്തിന്റെ നാലു ഫലങ്ങളെയാണ് സെൻ സൂചിപ്പിക്കുന്നത്. മഹാഭാരത സംഭവങ്ങളുടെ അതിസൂക്ഷ്മങ്ങളായ വേദാന്തദർശനങ്ങൾ മനസ്സിലാക്കാൻ കഴിവില്ലാത്ത സാധാരണ ജനങ്ങളുമായാണ് താൻ ബന്ധപ്പെടുന്നത് എന്നറിഞ്ഞ ശ്രീരാമകൃഷ്ണ പരമഹ ംസൻ, ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കാൻ, കല്പതരു - ആഗ്രഹപൂർത്തി വരുത്തുന്ന - ആയി രൂപം മാറ്റിയ വൃക്ഷമാണിത്. ആഗ്രഹപൂർത്തി വരുത്തുന്ന വൃക്ഷത്തിന്റെ കഥ യാണിത്. ആ പൊട്ടക്കിണറിൽ നിന്നു രക്ഷപ്പെടാൻ നാം എന്തു ചെയ്യണം എന്നതിന്റെ വിവരണം കൂടിയാണിത്. ജീവിതത്തിലെ മധു എന്താണെന്നും, എന്തുകൊണ്ട് പ്രകടമാവുന്ന യാഥാർത്ഥ്യം, യാഥാർത്ഥ്യമല്ലാതാവുന്നുവെന്നും ഈ കഥ വിശദീകരിക്കുന്നു. ഈ ചെറിയ വ്യതിയാനത്തിന് എന്നെ അനുവദിക്കൂ. അല്ല. ഇത് വ്യതിയാനമല്ല. മഹാഭാരത ഹൃദയത്തിലേക്കുള്ള വക്രഗതിയിലുള്ള പ്രവേശനമാണിത്.

മഹാനഗരത്തിലേക്ക പോകുന്ന ഒരമ്മാമൻ - ശ്രീരാമകൃഷ്ണൻ പറഞ്ഞ ഒരു കഥയാണിത് - അയാൾക്ക് ഒട്ടേറെ മരുമക്കൾ. സമ്മാനങ്ങളും പേറി, അയാൾ നഗരത്തിൽനിന്നും വരുന്നു. അയാൾ മരുമക്കൾക്ക് മധുരപലഹാരങ്ങളും കളിപ്പാട്ടങ്ങളും നൽകുന്നു. കുട്ടികൾ, വടികളും, കൊമ്പുകളും, കല്ലുകളുമുപയോഗിച്ച് കളിക്കുന്നതയാൾ കാണുന്നു. അയാൾ പറയുന്നു: ഇതിലെന്തു രസം? വടികളെക്കാളും കല്ലുകളെക്കാളും കൊമ്പുകളെക്കാളും നല്ല വസ്തുക്കൾ ജീവിതത്തിലുണ്ട്. അതിനാൽ, അയാൾ, അവർക്ക് തിളങ്ങുന്ന കളിപ്പാട്ടങ്ങൾ നൽകുന്നു. വീടിനു പുറത്തതാ കല്പവൃക്ഷം. നിങ്ങൾക്കാവശ്യമുള്ളതെല്ലാം കിട്ടുന്നു. എത്ര ലളിതം. എത്ര എളുപ്പം. കല്പവൃക്ഷത്തിനു ചുവട്ടിൽ പോയി ആഗ്രഹിക്കുകയേ വേണ്ടു. വൃക്ഷം നിങ്ങൾക്കാവശ്യമുള്ളത്, ഇഷ്ടമുള്ളത് നൽകും. കുട്ടികൾക്ക്, ഇന്നത്തെപ്പോലെ വിദ്യാഭ്യാസമുള്ള കുട്ടികൾക്ക് പ്രത്യേകിച്ചും, ഇതു സത്യമല്ല എന്നറിയാം. നിങ്ങൾ ആഗ്രഹിക്കുന്നത് ഒരിക്കലും കിട്ടില്ല. നിങ്ങൾ ആഗ്രഹിക്കുന്നത് കിട്ടാൻ വളരെയേറെ ശ്രമിക്കണം. നിങ്ങളെത്ര ശ്രമിച്ചാലും, നിങ്ങളെക്കാളും കൂടുതൽ ശ്രമിക്കുന്ന മറ്റാരെങ്കിലും ആദ്യം ആ നല്ല വസ്തുക്കൾ കൈക്കലാക്കുന്നു. മറ്റു ചിലർ, ബന്ധങ്ങളുപയോഗിച്ച് ഏറ്റവും നല്ല വസ്തുക്കൾ കരസ്ഥമാക്കുന്നു. കുട്ടികൾക്ക് ഇതൊക്കെ അറിയാം. എന്തായാലും, ഇതത്രേ പ്രായോഗികജ്ഞാനം. എന്നിട്ടും, അമ്മാമൻ പോയപ്പോൾ, അവരെല്ലാം വൃക്ഷച്ചുവട്ടിലേക്കോടുന്നു. വൃക്ഷച്ചുവട്ടിൽ നിന്ന് അവരോരോരുത്തരും അവരുടെ ആഗ്രഹങ്ങൾ വ്യക്തമാക്കുന്നു.

അവർ കുട്ടികൾ. അവർക്കെന്താണാവശ്യം? മധുര പലഹാരങ്ങൾ, സന്ദേശ്, രസഗുള. അവർക്കെന്തു കിട്ടുന്നു? ഉമാശങ്കർ ജോഷി നമ്മോടിപ്പോൾ പറഞ്ഞു നിർത്തിയിട്ടേ ഉള്ളൂ, "നിങ്ങളുടെ ഭക്ഷണം പ്രത്യേകിച്ചു ശ്രദ്ധിക്കുക." കുട്ടികൾക്കൊക്കെ വയറുവേദന. എന്തെന്നാൽ വൃക്ഷം നിങ്ങൾക്കാവശ്യമുള്ളത് വെറുതെ തരിക മാത്രമല്ല, അതിന്റെ കൂടെ, അതിന്റെ ശരിയായ വിപരീതവും തീർച്ചയായും തരുന്നു. പ്രപഞ്ചസ്വഭാവം തികച്ചും അത്ഭുതാവഹം തന്നെ - സങ്കീർണ്ണം എന്നത് തെറ്റായ വാക്കാണ്. അത് ആശ്ചര്യകരം. മഹത്തായ ഒരു പ്രപഞ്ചവിരോധാഭാസം, ഒരു ദൈവികമായ കോമഡി.

അവർക്ക് മറ്റെന്താണ് ആവശ്യം? കളിപ്പാട്ടങ്ങൾ. അവർക്ക് എന്തു കിട്ടുന്നു? മടുപ്പ്, വിരസത. അവർക്ക് വലിയ കളിപ്പാട്ടങ്ങൾ വേണം, വലിയ വിരസത. വലിയ വലിയ കളിപ്പാട്ടങ്ങൾ, വലിയ വലിയ വിരസത. വൃക്ഷം നിങ്ങളാവശ്യപ്പെടുന്നത് കൃത്യമായി നൽകും - പക്ഷേ അതോടൊപ്പം അതിന്റെ ശരിയായ വിപരീതവും.

"അർജ്ജുനാ, എഴുന്നേൽക്കൂ. ഈ വൃക്ഷത്തെ അസംഗശസ്ത്രത്താൽ മുറിച്ചു വീഴ്ത്തൂ." എന്നാൽ നമുക്കതിലേക്ക് പിന്നീട് കടക്കാം.

കുട്ടികൾ വലുതാവുന്നു. വയസ്സാവുക എന്നതിൽക്കവിഞ്ഞ് നമുക്ക് മറ്റൊന്നും ഈ വൃക്ഷച്ചുവട്ടിൽ ചെയ്യാനില്ല. വൃക്ഷത്തിന് ഒരു മാറ്റവുമില്ല; നാം മാറുന്നു. നമ്മിൽ ചിലർ കൂടുതൽ വിവേകമുള്ളവരാകും. എന്നാൽ നാമെല്ലാവരും വൃദ്ധരാകും. ഇപ്പോഴവർ യുവാക്കളാണ്. അവർക്കിപ്പോൾ പലഹാരങ്ങളും കളിപ്പാട്ടങ്ങളും ആവശ്യമില്ല. അവർക്ക് രാമപ്രസാദ് വർണ്ണിച്ച നാലു ഫലങ്ങളാണാവശ്യം - ലൈംഗികത, പ്രശസ്തി, ധനം, അധികാരം. വൃക്ഷച്ചുവട്ടിൽ മറ്റൊന്നും കിട്ടാനില്ല. അവരെല്ലാം അവ തേടുന്നു. അത് അവർക്ക് കിട്ടുന്നു.

വൃക്ഷം അവരെ കയ്പുലാക്കുന്നു. എന്തെന്നാൽ, അവർക്കതിന്റെ വിപരീതവും കിട്ടുന്നു. ഈ ലോകത്തിൽ തനതായി ഒന്നുമില്ല. എല്ലാം അതിലടങ്ങുന്ന വിപരീതദ്വന്ദ്വവുമായി വരുന്നു. ഇതത്രേ ശ്രീരാമകൃഷ്ണന്റെ വ്യാഖ്യാനം. അവരെല്ലാം അതിൽ കുടുങ്ങി. അവർ ദുഃഖിക്കുന്നു. തങ്ങൾ എന്തുകൊണ്ട് ദുഃഖിതരാവുന്നു എന്നവർക്ക് അറിയില്ല. അവർ വീണ്ടും വൃദ്ധരാവുന്നു. അവർക്കായി നമുക്ക് സുന്ദര പദങ്ങളുണ്ട്. പാശ്ചാത്യ രാജ്യങ്ങളിൽ അവരെ നാം മുതിർന്ന പൗരർ എന്നു വിളിക്കുന്നു. പൗരസ്ത്യരാജ്യങ്ങളിൽ അവർ ഗുരുജനങ്ങളായി അറിയപ്പെടുന്നു - ജ്ഞാനികളായ വൃദ്ധർ. യഥാർത്ഥത്തിൽ അവർ മുതിർന്ന മൂഢരായ കുട്ടികൾ മാത്രമാണ്. അവരിപ്പോൾ വൃക്ഷച്ചുവട്ടിൽ, തങ്ങളുടെ മരണശയ്യയിൽ കിടക്കുന്നു. ശരിയായ ഹിന്ദുവിധിയനുസരിച്ച് അവരെ സംസ്കരിക്കാം. അവരെ മൂന്നു കൂട്ടമായി തരം തിരിക്കാം. ഒരു കൂട്ടർ പറയുന്നു - ഇതാണ് ഏറ്റവും രസകരം - ഒരു കൂട്ടർ പറയുന്നു: ഈ ലോകമാകെ ഒരു മഹാവഞ്ചനയാണ്. ഒരു നാടകം, ഒരു ചതി. വിഡ്ഢികൾ - അവർക്കൊന്നും അറിയില്ല. രണ്ടാമത്തെ കൂട്ടർ പറയുന്നു: ഞങ്ങൾ തെറ്റായ ആഗ്രഹങ്ങൾ തേടി. ഇനി ഞങ്ങൾ ശരിയായ ആഗ്രഹങ്ങൾ തേടും. പമ്പരവിഡ്ഢികൾ. അവരൊന്നും തന്നെ പഠിച്ചില്ല. മൂന്നാമത്തെ കൂട്ടർ പറയുന്നു: ഇപ്രകാരമുള്ള ഒരു ലോകത്തിൽ എന്തിന് ജീവിക്കണം? ഞങ്ങൾക്ക് മരിച്ചാൽ മതി. വളരെ നന്ന്, വൃക്ഷം പറയുന്നു. ഇതാ, ഇതെടുത്തോളൂ. വൃക്ഷം, നിങ്ങളാഗ്രഹിച്ചതെന്തോ, അതുതന്നെ, അതിലടങ്ങിയ വിപരീതദ്വന്ദ്വത്തോടൊപ്പം തരുന്നു. അതാണ് വൃക്ഷത്തിന്റെ ജോലി. അവരോ, വൃക്ഷച്ചുവട്ടിൽ തന്നെ മരിക്കുന്നു. എന്തെന്നാൽ ആർക്കും മറ്റെവിടെയെങ്കിലും മരിക്കാനാവില്ല. അവരെല്ലാം, അതേ വൃക്ഷച്ചുവട്ടിൽ തന്നെ ജനിക്കുന്നു; എന്തെന്നാൽ, ആർക്കും മറ്റെവിടെയെങ്കിലും ജനിക്കാൻ ആവില്ല. നമുക്കിങ്ങനെ പറയാനാവില്ല. "ഈ ലോകത്തെ പിടിച്ചു നിർത്തൂ, ഞങ്ങൾക്ക് ഇറങ്ങണം." നമുക്കുള്ളതെല്ലാം ഈ പ്രപഞ്ചമാണ്. അതിനാൽ അവരെല്ലാം വൃക്ഷച്ചുവട്ടിൽ, ഈ പ്രപഞ്ചത്തിലേക്കു തന്നെ മടങ്ങിവരുന്നു, ഒരിക്കൽക്കൂടി ഇതിലകപ്പെടുന്നു.

എന്നാൽ, ഈ കഥയ്ക്ക് ഭംഗിയായ ഒരവസാനമുണ്ട്. ഒരു മുടന്തൻ കുട്ടിയുണ്ടായിരുന്നു. അവനും വൃക്ഷച്ചുവട്ടിലേക്ക് ഓടി. എന്നാലവൻ നീണ്ടുപോയി. ഉന്തുകയും തള്ളുകയും ചെയ്യുന്ന അവന്റെ കൂട്ടുകാരും ബന്ധുക്കളും അവനെ തള്ളി മാറ്റി. അതിനാലവൻ വീട്ടിലേക്ക് തന്നെ മടങ്ങി. അവൻ കരുതി: ഞാൻ എന്റെ ആഗ്രഹം പിന്നീടറിയിക്കാം. ജനലിലൂടെ അവൻ വൃക്ഷത്തെ നോക്കി. തന്റെ കൂട്ടുകാർ മധുരപലഹാരങ്ങൾ ആവശ്യപ്പെടുന്നതും, വയറുവേദനയുണ്ടാവുന്നതും, കളിപ്പാട്ടങ്ങൾ ആവശ്യപ്പെടുന്നതും, മടുപ്പ് കിട്ടുന്നതും, മരിക്കാനാഗ്രഹിക്കുന്നതും, പുനർജ്ജനിക്കുന്നതും അവൻ കണ്ടു. പെട്ടെന്നവൻ സത്യം ദർശിച്ചു. പ്രപഞ്ചത്തിന്റെ തനതു സ്വരൂപം അവൻ കണ്ടു. താൻ കേമനാണ് എന്നവൻ ധരിച്ചില്ല. അവൻ വിനയാന്വിതനായി. വൃക്ഷച്ചുവട്ടിലിരിക്കുന്നവരോട് അവന്റെ ഹൃദയത്തിൽ അനുകമ്പ പ്രവഹിച്ചു. ആ അനുകമ്പാപ്രവാഹത്തിൽ, ആഗ്രഹിക്കാനവൻ മറന്നു പോയി. അവൻ ആശിക്കാനിച്ഛിച്ചു. എന്നാലോ, ആശിക്കാൻ മറന്നു പോയി. വൃക്ഷത്തിന് അവനെ തൊടാൻ കഴിഞ്ഞില്ല. അവൻ സ്വതന്ത്രനായ മനുഷ്യൻ. യാദൃച്ഛികമായി അവന് മോക്ഷത്തിന്റെ അക്ഷങ്ങൾ ലഭ്യമായി. യാദൃച്ഛികം! എന്തെന്നാൽ, ഒരിക്കലും അവ, കരുതിക്കൂട്ടിയുള്ള പരിശ്രമത്താൽ ലഭ്യമല്ല. ഇല്ല. എത്ര യോഗങ്ങൾ കൊണ്ടും, എത്ര

ധർമ്മാചരണങ്ങൾ കൊണ്ടും, എത്ര സാധന ചെയ്താലും, മൗനാചരണം കൊണ്ടും, ജപിച്ചാലും, ദേശീയമോ, അന്തർദേശീയമോ ആയ ചർച്ചായോഗങ്ങളിൽ പങ്കെടുത്താലും, നമുക്ക് മുക്തിയുടെ അക്ഷങ്ങൾ ലഭിക്കുകയില്ല.

ആ കരുണാപ്രവാഹത്തിൽ, ആശിക്കാൻ അവൻ മറന്നു പോയി. ഒരു പ്രത്യേക അർത്ഥത്തിൽ, അവൻ, കിണറ്റിൽ നിന്നും പുറത്തു ചാടി. അവൻ മരുഭൂമിയിൽ നിന്നും കുതിച്ചുയർന്നു; അവൻ വൃക്ഷത്തെ മുറിച്ചു വീഴ്ത്തി.

നമ്മുടെ വികാരങ്ങളേയും ഭാവനകളേയും വികസിപ്പിക്കാൻ മഹാഭാരതത്തിലുള്ള സാധ്യതകൾ ചൂണ്ടിക്കാട്ടുക മാത്രമായിരുന്നു എന്റെ ഉദ്ദേശ്യം. ഇവയൊക്കെ ഉത്തരങ്ങളാണ് എന്നു ഞാൻ കരുതുന്നില്ല. ജീവിതത്തിന്റെ കുരുക്ഷേത്രത്തിലൂടെ സഞ്ചരിക്കുമ്പോൾ നാം കാണുന്ന ചൂണ്ടുപലകകൾ മാത്രമാണിവ.

നിങ്ങളുടെ ശ്രദ്ധയ്ക്ക് ഞാൻ നന്ദി പറയുന്നു. ജീവിതവൃക്ഷച്ചുവട്ടിൽ, ഫലവത്തായ ഈ ചർച്ചായോഗം സാധ്യമാക്കിയതിന് ഞാൻ വ്യാസനോടും നന്ദി പറയുന്നു, ആ വൃക്ഷത്തിൽ പൂക്കൾ വിരിയുന്ന അസംഖ്യം ശാഖകളിൽ ഒന്നാണല്ലോ സാഹിത്യ അക്കാദമിയും. – പി. ലാൽ.

നിങ്ങളുടെ ശ്രദ്ധയ്ക്ക് ഞാൻ നന്ദി പറയുന്നു. ജീവിതവൃക്ഷച്ചുവട്ടിൽ, ഫലവത്തായ ഈ മൊഴിമാറ്റം സാധ്യമാക്കിയതിന് ഞാൻ വ്യാസനോടും പ്രൊഫസർ ലാലിനോടും നന്ദി പറയുന്നു, ആ വൃക്ഷത്തിൽ പൂക്കൾ വിരിയുന്ന അസംഖ്യം ശാഖകളിൽ ഒന്നാണല്ലോ ഈ പ്രസിദ്ധീകരണവും. - എ. പുരുഷോത്തമൻ.

വിവർത്തനം - എ. പുരുഷോത്തമൻ, മുംബയ്, ഡിസംബർ 26, 2002.

Original article in English, Copyright, 1987, P. Lal, all rights reserved.
Published in *The Mahabaharata Revisited*, Papers presented at the International Seminar on the Mahabharata organized by the Sahitya Akademi at New Delhi, February 17-20, 1987, edited by R.N. Dandekar (1990).

Malayalam translation, Copyright, 2003, A. Purushothaman, all rights reserved.